# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ :186

17.02.2016- ലെ മറുപടിക്ക്

## സഹകരണ മേഖല

**ചോദ്യം**

**ശ്രീ. കെ.കുഞ്ഞിരാമൻ** (ഉദുമ)
**ശ്രീമതി. കെ.എസ്. സലീഖ**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ. പുരുഷൻ കടലുണ്ടി**

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) നിലവിലുള്ള പല മേഖലകളും സഹകരണ മേഖലയിലൂടെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള സാദ്ധ്യതകളെ ക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(എ) സഹകരണ മേഖലയെ സംബന്ധിച്ച് മാത്രമായി പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യമേഖല, പട്ടികജാതി/പട്ടികവർഗ്ഗ മേഖല, അച്ചടിമേഖല, റബ്ബർമാർക്കറ്റിംഗ് മേഖല, വനിതാക്ഷേമം എന്നിവ സംബന്ധിച്ച് വെവ്വേറെ പഠനം നടത്തുകയുണ്ടായി. മറ്റ് മേഖലകളിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ മേഖല കാലാനു സൃതമായി മാറ്റുന്നതിനും പുതിയ വെല്ലുവിളി കൾ ഏറ്റെടുക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനുമായി വിവിധ കാര്യപ രിപാടികൾ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

2012 ൽ തൃശൂരിൽ വച്ച് സംഘടിപ്പിച്ച 7-ാം സഹകരണ കോൺഗ്രസ്, 2014 ൽ കേരള ത്തിലെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച സഹകാരി സമ്പർക്ക പരിപാടിയായ മുഖാ മുഖം, 2015 ൽ മൂന്നാറിൽവച്ച് നടത്തിയ വിഷൻ 2025 ശിൽപശാല, കൂടാതെ സഹക രണ മേഖലയുമായി ബന്ധപ്പെട്ട് നടത്തുന്ന സഹകരണ വാരാഘോഷം പോലുള്ള വേദി കൾ എന്നിവയിലെല്ലാം സംസ്ഥാനത്തെ സഹകരണ മേഖല പുതിയ മേഖലകളിൽ പ്രവേശിച്ച് വിജയം കൈവരിക്കുന്നതിനാവശ്യ മായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇപ്രകാര മുള്ള ചർച്ചകളിലൂടെ ഉരുത്തിരിയുന്ന തീരു മാനങ്ങളുടെ അടിസ്ഥാനത്തിലും സഹകരണ വകുപ്പിന്റെ നയങ്ങളുടെ അടിസ്ഥാന ത്തിലും പുതിയ മേഖലകളിൽ സഹകരണ മേഖല ഇതിനോടകം പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

........2

കോഴിക്കോട് അത്യാധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുന്ന ക്യാൻസർ കെയർ സെന്റർ, ഫ്ളാറ്റ് സമുച്ചയ നിർമ്മാണം, ടിഷ്യൂ കൾച്ചർ ലാബുകൾ, മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള വായ്പ പദ്ധതികൾ, മഴവെള്ള സംഭരണികൾ സ്ഥാപിക്കൽ, പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള 'ആലില' പദ്ധതി, പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി, അവയുടെ വിപണനവുമായി ബന്ധപ്പെട്ട 'സുവർണ്ണം' പദ്ധതി, സ്വകാര്യ പണമിടപാടുകാരുടേയും അമിത പലിശക്കാരുടേയും ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ കുബേര' വിജയിപ്പിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേകമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായുള്ള പുതിയ കോഴ്സുകൾ ആരംഭിച്ചത്, നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് രൂപീകരിച്ച നിക്ഷേപ ഗ്യാരന്റി ബോർഡ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന നിക്ഷേപ സമാഹരണം നടത്തുന്നതിനുള്ള പദ്ധതി, മാനവശേഷി വികസനത്തിന് മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങൾ, സഹകരണ മേഖലയിലെ ആധുനികവൽക്കരണം എന്നീ നടപടികൾ സഹകരണ മേഖലയെ പുതിയ മേഖലകൾ കണ്ടെത്തി പ്രവർത്തന സജ്ജമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

ബി) പുതിയ മേഖലയിലേക്ക് സഹകരണ പ്രസ്ഥാനം വ്യാപിപ്പിച്ച് സഹകരണ മേഖല സുദൃഢമാക്കുന്നതിന് പകരം നിലവിലുള്ള സഹകരണ ശൃംഖല തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

(ബി) സഹകരണ മേഖലയെ തകർക്കുന്ന സമീപനം ഈ സർക്കാരിനില്ല. സഹകരണ മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ കാര്യക്ഷമതയോടും ഉത്തരവാദിത്വത്തോടും കൂടി പ്രവർത്തിക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ